22

# ക്രൂശിന്റെ മർമ്മം

**റോമർ 16:25-27; കൊലൊസ്സ്യർ 1:25-28; 2:2, 3**

*"അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്കു പ്രത്യക്ഷനായി, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു: എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാം വണ്ണം വലിയതാകുന്നു" (1 തിമൊഥെയൊസ് 3:16).*

"മർമ്മം" എന്നതു "രഹസ്യമായി" മനസ്സിലാക്കരുത് (നിഗൂഢമായ നിർവൃതിയിലോ, ആവേശത്തിലോ, ഗുപ്തമായതോ, അല്ലെങ്കിൽ കുട്ടിച്ചാത്തന്റേതുപോലെ). മർമ്മത്തിലും അന്ധവിശ്വാസത്തിലും പൊതുവായി ഒന്നുമില്ല. വിചിത്രമായ, കൺകെട്ടിൽ, ആവേശത്തിലെല്ലാം ആളുകൾക്കു രസമാണ്. സത്യം മനസ്സിലാക്കുന്നതിനേക്കാൾ ആവേശത്തെ കളിയാക്കുന്നതിനാണ് നമുക്കു ഹരം. ശരിയായ വിധത്തിലുള്ള മർമ്മമാണ് ദൈവം നമുക്ക് സുവിശേഷ സന്ദേശത്തിൽ നല്കുന്നത്. നിസ്സാരവും ദൈവികവുമായ കാര്യങ്ങൾ എല്ലായ്പ്പോഴും അവർക്കു മർമ്മമായി തോന്നുന്നു (ഉദാഹരണമായി വിവാഹം; എഫെസ്യർ 5:20–33).

മനസ്സിലാക്കുന്നതിനേക്കാൾ കൂടുതൽ പറയുവാൻ നമുക്കു കഴിയും. നാം പരിശോധിച്ചു കണ്ടുപിടിക്കേണ്ട ഒന്നല്ല "മർമ്മം." അർത്ഥം വരാത്തതായ ഒന്നല്ല അത്, എന്നാൽ അതു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ അർത്ഥം ഉള്ളതാണ്. നിങ്ങൾക്കു ചിലത് മുഴുവനായി മനസ്സിലാക്കുവാൻ കഴിയുന്നില്ല എന്ന വസ്തുത അർത്ഥമാക്കുന്നത് അതു മനസ്സിലാക്കുവാനേ കഴിയുകയില്ല എന്നല്ല. വിശ്വാസം, നീതി, അല്ലെങ്കിൽ നന്മ എന്നിവ മുഴുവനായി ആർക്കും മനസ്സിലാവുകയില്ല; എന്നാൽ അവയെ നാം വിശ്വസിക്കയും അതു പ്രായോഗികമാക്കുവാൻ ശ്രമിക്കയും ചെയ്യും.

ദൈവത്തിന്റെ ഏറ്റവും വലിയ മർമ്മമാണ് ക്രൂശ്. ഒരു ചെറിയ കുട്ടിക്കു അതിൽ നിന്നു കുടിക്കാം; പ്രായമായ ആളുകൾക്ക് ആയുഷ്ക്കാലം മുഴുവൻ അതിനെ ധ്യാനിക്കാം. എന്നാലും, ആളുകൾക്ക് അതിനെ കുറിച്ച് ഒരു "വിരലുറയോളം" പോലും അറിയുകയില്ല. അതു "അപ്രമേയമാണ്," എങ്കിലും അത് ഉദ്ദേശിക്കുന്ന നിത്യമായ സത്യത്തെ നമുക്കു ഗ്രഹിക്കുവാൻ കഴിയും. മർമ്മം വെല്ലുവിളി നടത്തുകയും

വളർച്ച അനുവദിക്കുകയും ചെയ്യുന്നു. വിശ്വാസപ്രമാണങ്ങളിൽ മർമ്മം ഒന്നുമില്ല.

നമ്മുടെ മനസ്സിലാക്കലിനെ വെല്ലുവിളിക്കുന്നതും ആശയവിനിമയം നടത്തുവാൻ പ്രയാസമുള്ളതുമാണ് മർമ്മം. നിത്യമായ സത്യങ്ങൾ മനുഷ്യരുടെ വാക്കുകളേക്കാൾ വലുതാണ്. നാം ആരാണെന്നു നമുക്ക് അറിയാം എന്നു നാം വിചാരിക്കും, പക്ഷെ അവസാനമാണ് നാം തിരിച്ചറിയുന്നത് ഇരുണ്ട കണ്ണാടിയിൽ കൂടെയാണ് നോക്കിയത് എന്ന്! (നോക്കുക 1 കൊരിന്ത്യർ 13:12.) നമ്മുടെ ദിവസവും ഉള്ള അതിശയങ്ങൾ നമ്മെക്കൊണ്ട്, "എനിക്ക് ഇത് ഒരിക്കലും മനസ്സിലായിരുന്നില്ല" എന്നു പറയിപ്പിക്കും! കാര്യമല്ലാത്തവയിൽ പാപിയായ മനുഷ്യൻ എപ്പോഴും ശക്തനായിരിക്കും എന്നാൽ ഗൗരവമുള്ള നിത്യമായവയിൽ ബലഹീനവുമായിരിക്കും. നാം മർമ്മത്തെ കീഴടക്കുന്നില്ല – നാം അതു ഉപയോഗിക്കുന്നു, അതിൽ വളരുന്നു, അതിനെ ആഘോഷിക്കയും ചെയ്യുന്നു.

മർമ്മം വെളിപ്പാടിനാൽ മാത്രമെ മനസ്സിലാകയുള്ളൂ, അല്ലാതെ വിവേചനത്താലല്ല. ദൈവത്തെ അറിയുവാൻ കഴിയും പക്ഷെ തിരയുവാനാകില്ല. അവന്റെ കോപത്തെ സ്വീകരിക്കുന്നതുവരെ ദൈവത്തിന്റെ കൃപയെ നമുക്കു മനസ്സിലാക്കുവാൻ സാധ്യമല്ല. ക്രൂശ് മനസ്സിലാക്കുന്നതുവരെ, നമുക്കു ക്രിസ്ത്യാനിത്വം മനസ്സിലാക്കുവാൻ സാധ്യമല്ല.

എവിടെയാണ് മർമ്മമില്ലാത്തത്, അവിടെ അത്ഭുതവുമില്ല. അത്ഭുതമില്ലാതെ, വാസ്തവത്തിലുള്ള ആരാധന ഉണ്ടാവില്ല. ഒരാൾ ഒരു കൺകെട്ടു വിദ്യ വിശദീകരിക്കുമ്പോൾ, അയാൾ ഒന്നും മറച്ചു വെക്കുന്നില്ല; നാം ദൈവ മർമ്മം സ്വീകരിക്കുമ്പോൾ, നാം എല്ലാം കാണുന്നു!

പാശ്ചാത്യ യുക്തിയിലോ പൂർവ്വ ദേശമതത്തിലോ മർമ്മം കണ്ടെത്തിയില്ല. മർമ്മം വരുന്നതു ദൈവിക വെളിപ്പാടിൽ കൂടെ മാത്രമാണ്. ദൈവത്തിനു മാത്രം തുറന്നു കാണിക്കാവുന്ന ഒരു നിത്യമായ രഹസ്യമാണ് മർമ്മം. ഒരിക്കൽ രഹസ്യമായിരുന്ന സത്യം ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവത്തിനുള്ളതാണ് ... എന്നാൽ അവ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. ദൈവ മർമ്മത്തിൽ പ്രവേശിക്കുവാൻ നാം "ആരംഭത്തിൽ ഉണ്ടായിരുന്ന ഒരാൾ" ആകണമെന്നില്ല അല്ലെങ്കിൽ "രഹസ്യ കൈകൊടുക്കൽ" അറിയണമെന്നുമില്ല.

സുവിശേഷ സന്ദേശം മർമ്മമാണെന്നു പൗലൊസ് പറയുന്നു (എഫെസ്യർ 6:19). വിശ്വാസം ഒരു മർമ്മമാണ് (1 തിമൊഥെയൊസ് 3:9) അതു നല്ല മനസാക്ഷിയോടെ ജീവിക്കുന്നതിനാണ്. യെഹൂദന്മാരെയും ജാതികളെയും രക്ഷിക്കുകയും ഒന്നിപ്പിക്കുകയും ചെയ്യുന്നത് ക്രിസ്തുവിൽ ഉള്ള വീണ്ടെടുപ്പു എന്ന മർമ്മമാണ് (എഫെസ്യർ 1:7–13). ലോകാരംഭം മുതൽ ക്രിസ്തുവിനെ കുറിച്ചുള്ള സത്യം രഹസ്യമായി വെച്ചിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (റോമർ 16:25, 26; 1 കൊരിന്ത്യർ 2:7). "വിശ്വാസത്തോടുള്ള അനുസരണം" ആയിരുന്നു ആ മർമ്മം (റോമർ 1:5; എൻകെജെവി). എന്തു വിശ്വസിക്കണമെന്നും എന്തനുസരിക്കണമെന്നും വെളിപ്പെടുത്തിയ മർമ്മം നമ്മോടു പറയുന്നു. ആ കൃപയുടെ മർമ്മം അപ്പൊസ്തലന്മാരാലും പ്രവാചകന്മാരാലും പരിശുദ്ധാത്മാവു

വെളിപ്പെടുത്തി കൊടുത്തു (എഫെസ്യർ 3:2–6). ആ സത്യം, ആ ഐക്യത, മുൻപു അറിയായ് വന്നിരുന്നില്ല. കൂടാതെ "ക്രിസ്തുവും സഭയും" ഒരു "വലിയ മർമ്മം" ആയിട്ടും പൗലൊസു പറയുന്നുണ്ട് (എഫെസ്യർ 5:32). അവൻ ഇതു വിവാഹബന്ധത്തിന്റെ ആഴത്തെയും ഭാര്യഭർത്തൃബന്ധത്തെയും ചേർത്താണ് വിവരിച്ചിട്ടുള്ളത് (എഫെസ്യർ 5:21–33). മർമ്മത്തിൽ ഉൾപ്പെട്ടവയാണ്, ജീവിതത്തിലെ മനോഹരവും ശ്രേഷ്ഠവുമായ എല്ലാ വസ്തുക്കളും.

വെളിപ്പെടുത്തിയതായ ഒരു വലിയ സത്യം എഫെസ്യർ 3:9–11 ൽ കാണാം. ക്രിസ്തുവിൽ ക്രിസ്തുവിനുവേണ്ടിയാണ് സകലവും ദൈവം സൃഷ്ടിച്ചതു. സൃഷ്ടിക്കു മുൻപുതന്നെ ദൈവം ഒരു കുരിശ് തന്റെ മനസ്സിലും ഹൃദയത്തിലും വെച്ചിരുന്നു. ക്രിസ്തു തന്റെ പദ്ധതി ക്രൂശിൽ നിറവേറ്റി. അവന്റെ രക്തം കൊടുത്തു സഭ വാങ്ങി (പ്രവൃത്തികൾ 20:28). ഇപ്പോൾ, ദൈവത്തിന്റെ അനേകവിധമായ ജ്ഞാനം ക്രിസ്തുവിൽ മാത്രം സഭ മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു. ഇതു ദൈവത്തിന്റെ നിത്യമായ ഉദ്ദേശം ആണ്. മുഴുവൻ അറിവും കൂടാതെയുള്ള അനുസരണം ആണ് മർമ്മം ആവശ്യപ്പെടുന്നത്. നാം ഓരോ ദിവസവും തുറന്ന തിരുവെഴുത്തിലെ സത്യങ്ങൾ വിശ്വസിച്ചു അനുസരിച്ചു വചന പരിജ്ഞാനത്താൽ വളരണം! നമുക്കു മനസ്സിലാക്കുവാൻ കഴിയാത്തതു നിഷേധിക്കാത്ത വിധം നാം അറിയണം.

വലിയ ജീവിതം വലിയ മർമ്മത്തെ ആവശ്യപ്പെടുന്നു! മുഴുവൻ മനസ്സിലാക്കാൻ പ്രയാസമുള്ള വിസ്മയകരമായ കാര്യങ്ങളിൽ ആയിരിക്കണം നമ്മുടെ ആഴത്തിലുള്ള താല്പര്യം കേന്ദ്രീകരിക്കേണ്ടത്, അതായതു, "ആ മർമ്മം, ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ, പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ് വന്നിരുന്നില്ല" (എഫെസ്യർ 3:4, 5).

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today